ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:07.10.2026

## പ്രധാനവാർത്തകൾ

1. ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി, ആശംസകൾ അറിയിച്ച് ലോക നേതാക്കൾ.

2. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് റിസർവ് ബാങ്കിന്റെ പണനയം പ്രഖ്യാപിച്ചു.

3. ആരോഗ്യവും ദീർഘായുസും ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യ മാതൃക വികസിപ്പിക്കാൻ ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിച്ച് സംസ്ഥാന സർക്കാർ.

4. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി എൻ ടി പി സിയുമായി മുഖ്യമന്ത്രി വി ഡി സതീശൻ ചർച്ച നടത്തി; കായംകുളത്ത് 2000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാൻ ധാരണ

5. ലഹരി മാഫിയകൾക്കെതിരായ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിന് കീഴിൽ സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ നിലവിൽ വന്നു.

PNUTVPM

6. കെഎസ്ആർടിസി കാർഗോ ലോജിസ്റ്റിക്സ് സർവീസിന് തുടക്കമായി, പദ്ധതി ചരിത്രപരമായ ചുവടുവെപ്പെന്ന് മന്ത്രി സി പി ജോൺ.

************************

## പി എം-വികസിത് ഭാരത് സ ങ്കൽപ്പ്

കഴിഞ്ഞ 25 വർഷത്തെ പൊതുസേവനത്തിലൂടെ ലഭിച്ച ജനവിശ്വാസവും അനുഭവസമ്പത്തുമാണ് തന്റെ സമ്പാദ്യവും കരുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ 'വികസിത് ഭാരത് സങ്കൽപ്പ് സഭ'യെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 12 വർഷം കൊണ്ട് രാജ്യത്തെ സാഹചര്യങ്ങൾ അടിമുടി മാറിയതായി അദ്ദേഹം പറഞ്ഞു. പൊതു സേവന രംഗത്ത് കാൽ നൂറ്റാണ്ട് പൂർത്തിയാക്കിയ പ്രധാനമന്ത്രിക്ക് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, ആഭ്യന്തരമന്ത്രി അമിത് ഷാ, ലോക്സഭാ സ്പീക്കർ ഓം ബിർല തുടങ്ങിയ പ്രമുഖർ ആശംസകൾ നേർന്നു.

************************

## പ്രധാനമന്ത്രി ആശംസ

ഭരണത്തലവൻ എന്ന നിലയിൽ 25 വർഷത്തെ പൊതുസേവനം പൂർത്തിയാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ലോകനേതാക്കൾ അഭിനന്ദനമറിയിച്ചു. ജപ്പാൻ, നൈജീരിയ, ബെൽജിയം, ഡൊമിനിക്ക തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികളാണ് ആശംസകൾ അറിയിച്ചത്.

************************

## ആർ ബി ഐ

ആഗോള സാമ്പത്തിക അനിശ്ചിതത്വങ്ങളും വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും കണക്കിലെടുത്ത് പലിശ നിരക്കുകൾ വർദ്ധിപ്പിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. റിപ്പോ നിരക്ക് 25 ബേസിസ് പോയിന്റ് വർധിപ്പിച്ച് 5.50 ശതമാനമായാണ് ഉയർത്തിയത്. മൂന്ന് വർഷത്തിന് ശേഷമുള്ള വർധനവ് ഭവന, വാഹന വായ്പകളുടെ ഇഎംഐ വർദ്ധനയ്ക്ക് കാരണമാകും.

RNU TVPM

************************

## വി ഡി സതീശൻ

സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വി ഡി സതീശൻ എൻടിപിസിയുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി. കായംകുളത്ത് 2000 മെഗാവാട്ട് ശേഷിയുള്ള ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കാൻ തീരുമാനമായി. ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പു വെക്കും. മഹാരാഷ്ട്രയിലെ NTPC സിന്നർ പദ്ധതിയിൽ നിന്ന് കേരളത്തിന് 300 മെഗാ വാട്ട് വരെ വൈദ്യുതി ലഭ്യമാക്കും. പുനരുപയോഗ ഊർജ സംഭരണം, സാങ്കേതിക സഹകരണം എന്നിവയുൾപ്പെടെയുള്ള സുപ്രധാന മേഖലകളിലും ധാരണയിലെത്തി.

************************

## കെഎസ്ആർടിസി കാർഗോ (ഇ ൻട്രോ)

കെഎസ്ആർടിസി കാർഗോ ലോജിസ്റ്റിക്സ് സർവീസ് മന്ത്രി സി പി ജോൺ ഫ്ളാഗ് ഓഫ് ചെയ്തു. സർക്കാരിന്റെ നൂറുദിന കർമ പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതി ചരിത്രപരമായ ചുവടുവയ്പ്പാണെന്ന് മന്ത്രി പറഞ്ഞു.

(വോയിസ് - സി പി ജോൺ)

PRDTVPM

************************

## ടാസ്ക് ഫോഴ്സ്

ആരോഗ്യവും ദീർഘായുസ്സും ഒന്നിച്ച് ഉറപ്പാക്കുന്ന സമഗ്ര ആരോഗ്യമാതൃക വികസിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉന്നതതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. മുഖ്യമന്ത്രി ചെയർപേഴ്സണും ആരോഗ്യമന്ത്രി വൈസ് ചെയർപേഴ്സണുമാകും. രോഗങ്ങൾ തടയുന്നതിനും, തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും മികച്ച ചികിത്സ ലഭ്യമാക്കി ആരോഗ്യകരമായ വാർധക്യം ഉറപ്പാക്കുന്നതിനുമാണ് സമഗ്ര പദ്ധതി നടപ്പാക്കുന്നത്. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരമൊരു പദ്ധതി നടപ്പാക്കുന്നത് . ലോകത്തിന് മാതൃകയാകുന്ന ആരോഗ്യ

സംരക്ഷണ ശൈലി യാഥാർഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

***********************

## നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ

ലഹരി മാഫിയകൾക്കെതിരായ പ്രവർത്തനം ശക്തമാക്കുന്നതിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി കേരളത്തിൽ എക്സൈസ് വകുപ്പിന് കീഴിൽ സംസ്ഥാന നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ നിലവിൽ വന്നു. തിരുവനന്തപുരം എക്സൈസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ മന്ത്രി എം ലിജു ബ്യൂറോ ഉദ്ഘാടനം ചെയ്തു.

എൻഫോഴ്സ്മെന്റ്, ഇന്റലിജൻസ്, റിസർച്ച് ആൻഡ് അനാലിസിസ്, സൈബർ ഇന്റലിജൻസ് ആൻഡ് സൈബർ ഓപ്പറേഷൻസ് എന്നിങ്ങനെ നാലു വിഭാഗങ്ങളായി തിരിച്ച് ലഹരി ശൃംഖലകളെ കണ്ടെത്തുന്നതിനുള്ള സമഗ്രമായ സംവിധാനമാണ് ബ്യൂറോയിലുള്ളത്.

***********************

## കോഴിക്കോട് ഓഡിറ്റ് -ഇൻട്രോ)

കോഴിക്കോട് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തീർപ്പ് കല്പ്പിക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുവാൻ വകുപ്പിന്റെ നേതൃത്വത്തിൽ നൂതന പദ്ധതിയായ "സ്വസ്ഥം തദ്ദേശം" ആരംഭിച്ചു.

**വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു .....**

**(വോയിസ്)**

***********************

## സ്റ്റുഡന്റ്സ് കോൺക്ലേവ്

സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവ് നാളെയും മറ്റന്നാളും നിയമസഭാഹാളിൽ നടക്കും. മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. പാർലമെന്ററി ജനാധിപത്യത്തിന്റെ

RNU TVPM

മൂല്യങ്ങൾ വിദ്യാർഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ആണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത് .

************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ പട്ടുവം മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ ഡിജിറ്റൽ ലൈബ്രറി സജീവമാക്കാൻ തീരുമാനം.

ജില്ലാ കളക്ടറുടെ കുട്ടികളുമായുള്ള പ്രതിവാര സംവാദമായ കളം പരിപാടിയിലാണ് തീരുമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ....**

**(വോയിസ്)**

************************

## നോബൽ സമ്മാനം-രസതന്ത്രം

2026-ലെ രസതന്ത്രത്തിനുള്ള നൊബേൽ പുരസ്കാരത്തിന് ഫ്രഞ്ച് ശാസ്ത്രജ്ഞനായ ഹെൻറി ബി. കാഗൻ , ജാപ്പനീസ് ശാസ്ത്രജ്ഞനായ കെൻസോ സോയി എന്നിവർ അർഹരായി. അസിമട്രിക് ഓർഗാനിക് സിന്തസിസിലെ നോൺ-ലീനിയർ ഇഫക്റ്റുകളും, ഓട്ടോകാറ്റാലിസിസും കണ്ടെത്തിയതിനാണ് അംഗീകാരം..

************************

## മൃഗശാലാവികസനം

പൊതു, സ്വകാര്യപങ്കാളിത്തത്തോടെ മ്യൂസിയം വകുപ്പിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുമെന്ന് മന്ത്രി ഒ ജെ ജനീഷ്.

തിരുവനന്തപുരത്ത് വന്യജീവി വാരാഘോഷത്തിന്റെ സമാപനസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മൃഗശാലാ പരിപാലനത്തിന് സി എസ് ആർ ഫണ്ട് പ്രയോജനപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. മൃഗങ്ങളുടെ പരിപാലനം ഒരു നിശ്ചിതകാലത്തേക്ക് സ്പോൺസർ

RNU TVPM

ചെയ്യുന്നതിനായി സ്വകാര്യവ്യക്തികളെ സമീപിക്കുമെന്നും മന്ത്രി പറഞ്ഞു.

************************

## പ്രധാനമന്ത്രി - 25 വർഷം

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ സാഗർമാല' പദ്ധതിയെ കുറിച്ചാണ് ഇന്ന് പരാമർശിക്കുന്നത് .പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2015-ലാണ് കേന്ദ്ര സർക്കാർ 'സാഗർമാല' പദ്ധതിക്ക് തുടക്കമിട്ടത് .തുറമുഖങ്ങളുടെ നവീകരണം, തീരദേശ സമൂഹങ്ങളെ ശാക്തീകരിക്കൽ എന്നിവയിലൂടെ തുറമുഖ-അധിഷ്ഠിത വികസനം സാധ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

************************

## മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി

സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് ഡിജിറ്റൽ സാക്ഷരതയില്ലാതെ മുന്നോട്ടുപോകാനാകില്ലെന്ന് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. ഡിജിറ്റൽ സുരക്ഷാ ബോധവൽക്കരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സൈബർ ജാഗ്രത കാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

************************

## ഇന്റർ മീഡിയ പബ്ലിസിറ്റി കോർഡിനേഷൻ

തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ അധ്യക്ഷതയിൽ കോട്ടയം റബ്ബർ ബോർഡിൽ പ്രതിമാസ ഇന്റർ മീഡിയ പബ്ലിസിറ്റി കോർഡിനേഷൻ കമ്മിറ്റി യോഗം ചേർന്നു. യോഗത്തിൽ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ വകുപ്പുകളുടെയും പ്രമുഖ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ

പങ്കെടുത്തു. പിഐബി -എഡിജി -വി പളനിച്ചാമി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

************************

## സ്കൂൾ സുരക്ഷാ പദ്ധതി

എറണാകുളം ജില്ലയിലെ എല്ലാ സ്കൂളുകളും സ്കൂൾ സുരക്ഷാ പദ്ധതി തയ്യാറാക്കി 'ഉസ്കൂൾ' ആപ്പിൽ നിർബന്ധമായും അപ്ലോഡ് ചെയ്യണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി. ഓടക്കാലി ഗവ. എച്ച്.എസ്.എസ് ഓഡിറ്റോറിയം തകർന്ന സംഭവത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിർദേശം.

************************

***************

*******

RNU TVPM